# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം 18/12/2014 -ൽ മറുപടിക്ക്

നമ്പർ: T 403

**രജിസ്ട്രേഷൻ നിയമങ്ങൾ പരിഷ്ക്കരിക്കേണ്ടതിന്റെ ആവശ്യകത**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. മമ്മൂട്ടി<br>" പി.കെ.ബഷീർ<br>" സി. മോയിൻ കുട്ടി<br>" കെ.എം ഷാജി | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) രജിസ്ട്രേഷൻ നിയമങ്ങൾ കാലോചിതമായി പരിഷ്ക്കരിക്കേണ്ടതിന്റെ ആവശ്യകത ബോദ്ധ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതു സംബന്ധിച്ച് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | എ) ഉണ്ട്. രജിസ്ട്രേഷൻ നിയമങ്ങൾ കാലോചിതമായി പരിഷ്ക്കരിക്കേണ്ടതിന്റെ ആവശ്യകത ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 8/6/12-ലെ (എം.എസ്) 98/2012/നിവ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ (മോഡേണൈസേഷൻ) എന്ന പുതിയ തസ്തിക സൃഷ്ടിക്കുകയും ആയതിൽ ശ്രീ.കെ.ആർ.വിവേകാനന്ദിനെ നിയമിക്കുകയുമുണ്ടായി. ടി ഉദ്യോഗസ്ഥന് രജിസ്ട്രേഷൻ മാന്വൽ കാലോചിതമായി പരിഷ്ക്കരിക്കുക, രജിസ്ട്രേഷൻ വകുപ്പ് കൈകാര്യം ചെയ്യുന്ന നിയമങ്ങളിലെ പോരായ്മകൾ പരിഹരിക്കാനുള്ള ശുപാർശകൾ നൽകുക, എന്നീ ചുമതലകൾ നൽകുകയുണ്ടായി. രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ (മോഡേണൈസേഷൻ)-നെ ടിയാന്റെ ചുമതലകൾ നിറവേറ്റുന്നതിൽ സഹായിക്കുന്നതിലേയ്ക്കായി ജോയിന്റ് ഇൻസ്പെക്ടർ ജനറൽ ശ്രീ. എൻ.കെ.ശിവദാസനെ 23/12/2013-ലെ സർക്കാർ ഉത്തരവ് നമ്പർ 997/2013/നിവ. പ്രകാരം നിയമിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| ബി) | ഏതെല്ലാം നിയമങ്ങൾക്കാണ് ക്രോഡീകരണം ആവശ്യമുള്ള തെന്നു വിശദമാക്കുമോ; | ബി) | രജിസ്ട്രേഷൻ നിയമങ്ങൾ, രജിസ്ട്രേഷൻ മാനുവൽ എന്നിവയിൽ പരിഷ്ക്കരണം ആവശ്യമാണ്. |
| സി) | നിയമപരിഷ്ക്കരണ നടപടികൾക്കായി ആരെയെങ്കിലും ചുമതല ഏൽപ്പിച്ചിട്ടുണ്ടോ; എങ്കിൽ ആരെയാണെന്നും എന്നാണ് ചുമതല ഏൽപിച്ച തെന്നും എന്തൊക്കെ നടപടികൾ പൂർത്തിയായിട്ടുണ്ടെന്നും വെളിപ്പെടുത്തുമോ ? | സി) | ഉണ്ട്. രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിനെ (മോഡേണൈസേഷൻ) ചുമതല ഏൽപ്പിച്ചിട്ടുണ്ട്. 8/6/12-ലെ (എം.എസ്) 98/2012/റ്റിഡി. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം രജിസ്ട്രേഷൻ വകുപ്പിൽ ഇൻസ്പെക്ടർ ജനറൽ (മോഡേണൈസേഷൻ) എന്ന തസ്തിക സൃഷ്ടിച്ചു. 1/8/12-ലെ (എം.എസ്.)138/2012/റ്റിഡി. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ (മോഡേണൈസേഷൻ)-ന് നിർവ്വചിച്ചുനൽകിയ ചുമതലകളിൽ, രജിസ്ട്രേഷൻ വകുപ്പ് കൈകാര്യം ചെയ്യുന്ന നിയമങ്ങളിലെ പോരായ്മകൾ പരിഹരിക്കാനുള്ള ശുപാർശകൾ നൽകലും ഉൾപ്പെടുന്നു. പ്രസ്തുത ചുമതലകൾ കാല വിളംബം കൂടാതെ നിർവ്വഹിക്കുന്നതിന് കൂടുതൽ അടിസ്ഥാന സൗകര്യങ്ങൾ വേണമെന്നാവശ്യപ്പെട്ട് രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ സർക്കാരിൽ ശുപാർശ സമർപ്പിച്ചിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ.